## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1346 | 06/03/2018-ൽ മറുപടിയ്ക്ക്

# ലൈഫ് മിഷൻ പദ്ധതി

| ചോദ്യം<br>ശ്രീ.പി.വി. അൻവർ | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | നിലമ്പൂർ മണ്ഡലത്തിൽ ഉൾപ്പെട്ട മൂത്തേടം കരുളായി, വഴിക്കടവ്, പോത്തുകല്ല്, ചുങ്കത്തറ, എടക്കര, അമരമ്പലം എന്നീ പഞ്ചായത്തുകളിലും നിലമ്പൂർ മുനിസിപ്പാലിറ്റിയിലും ലൈഫ് മിഷൻ പദ്ധതി പ്രകാരം എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; ഇതിൽ അർഹരായി തെരഞ്ഞെടുക്കപ്പെട്ടവരുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ; | (എ) | പഞ്ചായത്തിന്റെ പേര് / ലഭിച്ച അപേക്ഷകളുടെ എണ്ണം / അർഹരായവരുടെ എണ്ണം:<br>മൂത്തേടം / 604 / 290<br>കരുളായി / 459 / 234<br>വഴിക്കടവ് / 1976 / 1005<br>പോത്തുകല്ല് / 563 / 359<br>എടക്കര / 1074 / 794<br>അമരമ്പലം / 789 / 342<br>ചുങ്കത്തറ / 1719 / 521<br><br>നിലമ്പൂർ മുനിസിപ്പാലിറ്റിയിൽ സർവ്വേയുടെ അടിസ്ഥാനത്തിൽ ആകെ 288 പേരെ അർഹരായി തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് എടുത്ത മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | മാനസിക വെല്ലുവിളി നേരിടുന്നവർ/ അന്ധർ/ശാരീരിക തളർച്ച സംഭവിച്ചവർ, അഗതികൾ, അംഗവൈകല്യമുള്ളവർ, ഭിന്നലിംഗക്കാർ, ഗുരുതര/മാരകരോഗമുള്ളവർ, അവിവാഹിതരായ അമ്മമാർ, രോഗം/അപകടത്തിൽ പെട്ട് ജോലി ചെയ്ത് വരുമാനം കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ, വിധവകൾ, എച്ച്.ഐ.വി ബാധിതർ തുടങ്ങിയവർ അംഗങ്ങളായുള്ള കുടുംബങ്ങൾ എന്നീ ക്ലേശഘടകങ്ങളുടെ മുൻഗണനാക്രമം അടിസ്ഥാനമാക്കി ഭവനരഹിത/ ഭൂരഹിത ഭവന രഹിതരെ കണ്ടെത്തിയതിന് ശേഷം താഴെപറയുന്ന അർഹതാ മാനദണ്ഡത്തിന്റെ അടിസ്ഥാന |

| പഞ്ചായത്തിന്റെ പേര് | ലഭിച്ച അപേക്ഷകളുടെ എണ്ണം | അർഹരായവരുടെ എണ്ണം |
|---|---|---|
| മൂത്തേടം | 604 | 290 |
| കരുളായി | 459 | 234 |
| വഴിക്കടവ് | 1976 | 1005 |
| പോത്തുകല്ല് | 563 | 359 |
| എടക്കര | 1074 | 794 |
| അമരമ്പലം | 789 | 342 |
| ചുങ്കത്തറ | 1719 | 521 |

ത്തിൽ അർഹരായ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുന്നു.

**ഭൂരഹിത ഭവന രഹിതർ**

- സ്വന്തമായി/കുടുംബാംഗങ്ങളുടെ പേരിൽ വസ്തു ഇല്ലാത്തവർ/ പരമ്പരാഗതമായി ഭൂമി കൈമാറി കിട്ടാൻ സാധ്യത ഇല്ലാത്തവർ.
- റേഷൻ കാർഡ് ഉള്ള കുടുംബം (ഒരു റേഷൻ കാർഡിന് ഒരു ഭവനം )
- കുടുംബ വരുമാനം 3 ലക്ഷത്തിൽ താഴെയുള്ളവർ
- സർക്കാർ/അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ/ പെൻഷൻ വാങ്ങുന്നവർ ഉള്ള കുടുംബം ആകാൻ പാടില്ല
- സ്വകാര്യ ആവശ്യത്തിന് നാലുചക്ര വാഹനം ഉണ്ടാകാൻ പാടില്ല.
- അവകാശികൾക്ക് വസ്തു ഭാഗം ചെയ്ത സാഹചര്യത്തിൽ സ്വന്തം പേരിൽ സാങ്കേതികമായി ഭൂമിയില്ല എന്ന കാരണത്താൽ ഭൂരഹിതരായവർ അർഹരല്ല.

**ഭൂമി ഉള്ള ഭവനരഹിതർ**

- സ്വന്തമായി/കുടുംബാംഗങ്ങളുടെയോ പേരിൽ ഭവനം ഇല്ലാത്തവർ /പരമ്പരാഗതമായി ഭവനം കൈമാറി കിട്ടാൻ സാധ്യത ഇല്ലാത്തവർ.
- റേഷൻ കാർഡ് ഉള്ള കുടുംബം (ഒരു റേഷൻ കാർഡിന് ഒരു ഭവനം )
- സ്വന്തമായി വസ്തു ഉള്ളവർ (നഗരങ്ങളിൽ 5 സെന്റിൽ താഴെയും ഗ്രാമങ്ങളിൽ 25 സെന്റിൽ താഴെയും ഭൂമി ഉള്ളവർ മാത്രം ) പട്ടികവർഗ്ഗക്കാർക്ക് ബാധകമല്ല.
- കുടുംബ വരുമാനം 3 ലക്ഷത്തിൽ താഴെയുള്ളവർ
- സർക്കാർ /അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ/

| | | | |
|---|---|---|---|
| | | | പെൻഷൻ വാങ്ങുന്നവർ ഉള്ള കുടുംബം ആകാൻ പാടില്ല<br>* സ്വകാര്യ ആവശ്യത്തിന് നാലുചക്ര വാഹനം ഉണ്ടാകാൻ പാടില്ല. |
| (സി) | മേൽ സൂചിപ്പിച്ച പഞ്ചായത്തുകളിൽ അർഹതയുണ്ടായിട്ടും പട്ടികയിൽ ഇടം ലഭിച്ചില്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ; ഇതിന് പരിഹാരം കാണാൻ എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചത്; പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് എന്ന് മുതൽ ധനസഹായം ലഭ്യമാകും വിശദമാക്കാമോ? | (സി) | ഇല്ല. 2018 ഏപ്രിൽ 1 മുതൽ ഭൂമിയുള്ള ഭവനരഹിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാവർക്കും ഭവനം നൽകുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**